(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കുമ്പോൾ നിശ്ചിത യോഗ്യതയുള്ളവരെ മാത്രമെ നിയമിക്കാവു എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത വിധി പാലിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ബി) ആന്റ് (സി) ചോദ്യം ഉദിക്കുന്നില്ല.

പ്ലസ്ടു സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക

80 [1484] പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക അനുവദിച്ചിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ ലൈബ്രേറിയൻമാരെ നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ ലൈബ്രേറിയൻ തസ്തിക സൃഷ്ടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) പ്ലസ്ടു സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തിക ഇതുവരെ സൃഷ്ടിച്ചിട്ടില്ല.

(സി) വളരെയധികം സാമ്പത്തിക ബാധ്യതയുണ്ടാക്കുന്ന കാര്യമായതിനാൽ തൽക്കാലം പരിഗണനയിലില്ല.

ലൈബ്രേറിയൻ ക്ലാസ്സ്-III, ക്ലാസ്സ്-IV എന്നീ തസ്തികകളിൽ തസ്തികമാറ്റംവഴി നിയമനം നടത്താൻ നടപടി

81 [1485] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ സ്പെഷ്യൽ റൂൾ പ്രകാരം അദ്ധ്യാപകർ, കമ്പ്യൂട്ടർ ഇൻസ്ട്രക്ടർ, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടും ലൈബ്രേറിയൻ ക്ലാസ്സ്-III, ക്ലാസ്സ്-IV എന്നീ തസ്തികകളിൽ സർക്കാർ നാളിതുവരെ നിയമനം നടത്താതിരിക്കാൻ എന്താണ് കാരണമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാഭ്യാസ വകുപ്പിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ലൈബ്രറി സർവ്വീസിൽ നിശ്ചിത യോഗ്യതയുള്ളവരെ ലൈബ്രേറിയൻ ഗ്രേഡ്-III, ഗ്രേഡ്-IV തസ്തികയിലേയ്ക്ക് തസ്തികമാറ്റം വഴിയോ പ്രമോഷൻ വഴിയോ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻ തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടില്ല. അതിനാൽ നിയമനകാര്യം ഉദിക്കുന്നില്ല.

(ബി) ആന്റ് (സി) ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഐ. എച്ച്. ആർ. ഡി.യിൽ സ്റ്റെനോഗ്രാഫർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്തുവാൻ നടപടി

82 [1486] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എച്ച്. ആർ. ഡി. സ്റ്റെനോഗ്രാഫർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പ്രാവശ്യം അപേക്ഷ ക്ഷണിച്ചു; എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്; പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്താൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സമയബന്ധിതമായി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഐ. എച്ച്. ആർ. ഡി.-യിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(ബി) രണ്ട് പ്രാവശ്യം അപേക്ഷ ക്ഷണിച്ചു. ആകെ 204 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ ആകെ 9 ഒഴിവുകൾ നിലവിലുണ്ട്.

(സി) പ്രസ്തുത തസ്തികയ്ക്ക് എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും നടത്തിയാണ് സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കുന്നത്. എഴുത്തുപരീക്ഷ നടത്തി ആദ്യത്തെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. എഴുത്തുപരീക്ഷയുടെ റാങ്ക്‌ലിസ്റ്റ് ലഭിച്ചുകഴിഞ്ഞാൽ ഇന്റർവ്യൂ നടത്തി, സെലക്ഷൻ ലിസ്റ്റ് സമയബന്ധിതമായി തയ്യാറാക്കി നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly